കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മണ്ണാർക്കാട് ബ്ലോക്ക്പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail:dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പി.കെ.ഡി8/2094/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

തീയതി – 30.11.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് സെക്രട്ടറി മുഖേന

മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണ്ണാർക്കാട് ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്ര സഹിതം)
2. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
3. അസി. ഡെവലപ്പ്മെന്റ് കമ്മീഷണർ, പാലക്കാട്

4. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.പി.കെ.ഡി8/2094/2017 തീയതി – 30.11.2017

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 4-2-2017 മുതൽ 1-11-2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.കൃഷ്ണകുമാർ<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 02.11.2017മുതൽ 9.11.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.യു.ബിജു ആന്റണി | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.എസ്.എൽ.പത്മകുമാർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.എം.എസ്.താരിഖ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | 1 | ശ്രീ. കെ.പി. മൊയ്തു | 1.4.2016മുതൽ 31-3-2017 വരെ |
| സെക്രട്ടറി | 1 | ശ്രീ. കെ.കെ.ജോസഫ് | 1.04.2016മുതൽ 19.06.2016വരെ |
| | 2 | ശ്രീ. അനീഷ് .ജെ. ആയ്ക്കപ്പള്ളി | 20.06.2016മുതൽ 31-3-2017വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അസി.എക്സി.എഞ്ചിനിയർ | 1 | ശ്രീ.സി.അനിലകുമാരൻ | 1.4.2016 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | 1 | ശ്രീ. ഡോ. അബ്ബാസ് | 1.4.2016 മുതൽ 31.3.2017 വരെ |
| കൃഷി അസി.ഡയറക്ടർ | 1 | ശ്രീ. പി.കെ.കരിം | 1.4.2016 മുതൽ 30.11.2016 വരെ |
| | 2 | ശ്രീമതി. മിനി ജോർജ്ജ് | 1.12.2016 മുതൽ 2.1.2017 വരെ |
| | 3 | ശ്രീ. ഇ.കെ.യൂസഫ് | 3.1.2017 മുതൽ 31.1.2017 വരെ |
| | 4 | ശ്രീമതി. എസ്.ശാന്തിനി | 1.2.2017 മുതൽ 25-2-2017 വരെ |
| | 5 | ശ്രീ. ഇ.കെ.യൂസഫ് | 26.2.2017 മുതൽ 31.3.2017 വരെ |
| സി.ഡി.പി.ഒ. | 1 | ശ്രീമതി.ജിജി ജോൺ | 1.4.2016 മുതൽ 4.8.2016 വരെ |
| | 2 | ശ്രീമതി.ശിൽപ.യു.ജെ | 5.8.2016 മുതൽ 31.3.2017 വരെ |
| എസ്.സി.ഡി.ഒ. | 1 | ശ്രീ. ജസുദീൻ.പി.പി | 1.4.2016 മുതൽ 15.6.2016 വരെ |
| | 2 | ശ്രീ. മുകേഷ്.റ്റി.എം. | 16.6.2016 മുതൽ 31.3.2017 വരെ |
| ഡയറി. എക്സ്റ്റൻഷൻ ഓഫീസർ | 1 | ശ്രീ. ഹരീന്ദ്ര നാഥ് | 1.4.2016 മുതൽ 2.8.2016 വരെ |
| | 2 | ശ്രീ. അനുകുമാരൻ | 3.8.2016 മുതൽ 31.8.2016 വരെ |
| | 3 | ശ്രീമതി. ജാക്വലിൻ.ജെ | 1.9.2016 മുതൽ 9.12.2016 വരെ |
| | 4 | ശ്രീമതി.രശ്മി.കെ.ജി | 10.12.2016 മുതൽ 31.3.2017 വരെ |
| സീനിയർ വെറ്ററിനറി സർജൻ | 1 | ഡോ. ഷാജി പണിക്കശ്ശേരി | 1.4.2016 മുതൽ 31.3.2017 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

2016-17വർഷത്തെ ബജറ്റ് 1.3.2016 തിയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2017 | 22-7-2017 | - | - |

## 1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് -54148864.87

വരവ് -176184572

ആകെ -230333436.87

ചെലവ് -189349035

നീക്കിയിരിപ്പ്-40984401.87

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (അലോട്ട് മെന്റ്) | ആകെ | ചെലവ് | ലാപ്സായ തുക | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 54956890 | 54956890 | 32907215 | 22049675 | 0 | 60 |
| വികസനഫണ്ട് എസ്.സി.പി. | 0 | 24844555 | 24844555 | 22083666 | 2760889 | 0 | 89 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 1318899 | 1318899 | 499764 | 819135 | 0 | 38 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 8398787 | 8398787 | 4230004 | 4168783 | 0 | 50 |
| ജനറൽ പർപ്പസ് ഗ്രാന്റ് +തനത് ഫണ്ട് | 5786695 | 7709324 | 13496019 | 2787752 | 0 | 10708267 | 21 |

2016-17ലെ AFS ലെ വിവിധ ഫണ്ടുകളിലെ വരവ് ചെലവുകളും തൻവർഷത്തെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള തുകകളും പൊരുത്തപ്പെടുന്നില്ല. ട്രഷറി, ബാങ്ക് റീകൺസിലിയേഷനും റീകൺസിലിയേഷൻ നടത്തിയിട്ടില്ല. ആയതിനാൽ ഓഡിറ്റ് റിപ്പോർട്ടിൽ ചെലവ് ഭാഗത്ത് AFS ൽ രേഖപ്പെടുത്തിയ തുകകൾ അതേപടി എടുത്തിരിക്കയാണ്. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകിയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകൾ അലോട്ട്മെന്റ്

ആയും രേഖപ്പെടുത്തിയിരിക്കുകയാണ്. കണക്കുകളിലെ പൊരുത്തക്കേട് സംബന്ധിച്ച വിശദമായ ഖണ്ഡിക ഭാഗം 3ൽ ചേർത്തിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 144 | 179305916 | 99 | 58048249 | 45 | 69 |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ് വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| സി.ഡി.പി.ഒ. | 1 | 1 | 798000 | 798000 | 100 |
| ബി.ഡി.ഒ. | 26 | 18 | 116624188 | 25500670 | 22 |
| മെഡിക്കൽ ഓഫീസർ | 3 | 2 | 1997000 | 767563 | 38 |
| എസ്.സി.ഡി.ഒ. | 5 | 4 | 3365000 | 780921 | 23 |
| അസി.ഡയറക്ടർ കൃഷി | 2 | 2 | 2017025 | 413450 | 21 |
| സീനി. വെറ്ററിനറി സർജൻ | 1 | 1 | 150000 | 150000 | 100 |
| അസി.എക്സി. എഞ്ചിനീയർ | 106 | 71 | 54354703 | 29637645 | 55 |
| ആകെ | 144 | 99 | | | |

## 1-6 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 7-11-2017 ന് സ്ഥാപന തലവന്റെ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 75 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

ഫയലുകളുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ല. അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ നടത്തിയിട്ടില്ല. കണക്കുകൾ പൊരുത്തപ്പെടുന്നില്ല. ഓഡിറ്റ് സംബന്ധിച്ച കാര്യങ്ങൾക്ക് പ്രത്യേകം സെക്ഷന് ചുമതല കൈമാറിയിട്ടില്ല. ഇൻകുമ്പൻസി റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമല്ല.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21-12-2016 മുതൽ 28-12-2016 വരെ | 2015-16 | 08-04-2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 9-1-2015 മുതൽ -17-1-2015 വരെ | 2009-10 മുതൽ 2013-14 വരെ | 31-03-2015 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാടക പിരിവിലുള്ള അപാകതകൾ

വാടക രജിസ്റ്റർ പ്രകാരം ഡിസംബർ മാസത്തിലാണ് ശ്രീമതി സജിമോൾ കെട്ടിടം (കെട്ടിട നമ്പർ.6) ഒഴിഞ്ഞുപോയതെങ്കിലും നവംബർ മാസത്തെ വാടകയായ 1575 രൂപ ഈടാക്കിയിട്ടില്ല. തുക ഈടാക്കാത്തത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.4/4.11.2017) ശ്രീമതി സജിമോളിൽ നിന്നും അഡ്വാൻസ് തുകയായ 4500 രൂപയിൽ നിന്നും നവംബർ മാസത്തെ വാടകയായ 1575 രൂപ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വാടക രജിസ്റ്ററിൽ വാടക സംബന്ധിച്ച വാർഷിക സംക്ഷിപ്തം (ഡിസിബി) എഴുതി എല്ലാ കെട്ടിടങ്ങളുടെയും നമ്പർ രേഖപ്പെടുത്തി കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

## 2-2 E-Tender മുഖേന നടപ്പാക്കിയിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ ടെണ്ടർ ഫോറം വില ബ്ലോക്ക് പഞ്ചായത്തിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

തൻവർഷം നടപ്പാക്കിയിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ E-Tender മുഖേന നടപ്പാക്കിയിട്ടുള്ളവയുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്കാണ് അടവാക്കിയിട്ടുള്ളത്. ടി തുകകൾ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് നടത്തി ലഭ്യമാക്കണമെന്ന സർക്കാർ നിർദേശം പാലിച്ചിട്ടില്ല. ഇതു സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ എണ്ണം | ആകെ ടെണ്ടർ ഫോറം വില | ആകെ വാറ്റ് | തുകകൾ നിക്ഷേപിച്ച അക്കൌണ്ട് നം. |
|---|---|---|---|
| 65 | 320300 | 16175 | 67249238637 -SBT, Palakkad |

E-Tender മുഖേന നടപ്പാക്കിയിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില, ബ്ലോക്ക് പഞ്ചായത്തിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. വാറ്റ് തുക വാണിജ്യ നികുതി വകുപ്പിലേക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അലനല്ലൂർ സി.എച്ച്.സിക്ക്ഫോട്ടോകോപ്പിയർ,എൽ.സി.ഡി.പ്രൊജക്ടർ ബ്ളോക്ക് പഞ്ചായത്തിന് ഹൈസ്പീഡ് സ്കാനർ എന്നിവ വാങ്ങിയത് സംബന്ധിച്ച്

പ്രോജക്ട് നമ്പർ -148/17

അടങ്കൽ - 1,50,000 (മെയിന്റനസ് ഫണ്ട്- റോഡിതരം)

ചെലവ് - 107813

നിർവ്വഹണോദ്യോഗസ്ഥൻ - ബി.ഡി.ഒ

ബിൽ നമ്പർ 25/16-17 തിയതി 29-3-2017 തുക 107813 രൂപ

അലനല്ലൂർ സി.എച്ച്.സിക്ക് ഫോട്ടോകോപ്പിയർ, എൽ.സി.ഡി.പ്രൊജക്ടർ എന്നിവയും ബ്ളോക്ക് പഞ്ചായത്തിന് ഹൈസ്പീഡ് സ്കാനറും വാങ്ങിയതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ നിലനിൽക്കുന്നു.

1. പ്രാഥമിക ഉപഭോക്താവിന് യൂസർ നെയിം/പാസ്സ് വേഡ് എന്നിവ മുഖേന GeM Portal ലോഗിൻ ചെയ്തതിനു ശേഷം ആവശ്യമുള്ള സാധനങ്ങൾ തെരെഞ്ഞെടുക്കാവുന്നതാണ്. എന്നാൽ GeM ബാധകമാക്കിയതായി കേരള സർക്കാർ ഉത്തരവായിട്ടില്ലാത്തതിനാൽ ബ്ലോക്ക് പഞ്ചായത്ത് അംഗീകൃത ഏജൻസി സമർപ്പിച്ച റേറ്റ് കോൺട്രാക്റ്റ് മുഖേനയാണ് സാധനങ്ങൾ വാങ്ങിയിട്ടുള്ളത്. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കേണ്ടത് സർക്കാർ ഉത്തരവ് (പി) നം. 259/2010/തസ്വഭവ തീയതി 8.11.2010 പ്രകാരമാണ്. ആയതിനാൽ ഭാവിയിൽ സാധനങ്ങൾ വാങ്ങുമ്പോൾ ക്വട്ടേഷൻ/ടെണ്ടർ എന്നിവ ഉറപ്പുവരുത്തേണ്ടതാണ്.

## 3-2 ജി.ഐ. പൈപ്പ് വാങ്ങിയ അളവിനെക്കാൾ പ്രവൃത്തി ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു.അധികം നൽകിയ തുക നിരാകരിക്കുന്നു.

താഴെപ്പറയുന്ന പ്രവൃത്തിയിൽ ജി.ഐ. പൈപ്പ് വാങ്ങിയ അളവിനെക്കാൾ പ്രവൃത്തി ചെയ്തതായി കാണുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം, പേര് | SO 1 ചെന്തണ്ട് കുന്നം തുരത്തി കുടിവെള്ള പദ്ധതി പൂർത്തീകരണം |
| ങ്കൽ, ഫണ്ട് ഇനം | 300000രൂ. വികസനഫണ്ട് (ജനറൽ) |
| എഗ്രിമെന്റ് നം,തീയ്യതി | 53/AEE/16-17, Dtd.20-2-17 |
| കൺവീനർ | ശ്രീ. രഘുനാഥൻ |
| പ്രവൃത്തി മൂല്യം | 298772 |

| | |
|---|---|
| എം.ബുക്ക് | 62/16-17 |
| ബിൽ നം.തീയ്യതി, തുക | 67/16-17/31-3-17/298772രൂ. |

മേൽപ്രവൃത്തിയിൽ കൺവീനർ ഹാജരാക്കിയ ബിൽ പ്രകാരം 50mm ജി.ഐ.പൈപ്പ് 208മീ. ആണ് വാങ്ങിയിട്ടുള്ളത്. എന്നാൽ എം.ബുക്ക് പ്രകാരം 216.5മീ. ഇട്ടതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ അധികം രേഖപ്പെടുത്തിയ 8.5മീറ്ററിന് 330രൂ. നിരക്കിൽ ആകെ 2805രൂ. അധികം ചെലവഴിച്ചിട്ടുണ്ട്. ടി തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

കൺവീനർ സമർപ്പിച്ച വരവ് ചെലവ് കണക്കുകൾ പ്രകാരം ആകെ ചെലവ് 284353രൂ. ആണ്. എന്നാൽ ആകെ പ്രവൃത്തിമൂല്യ നിർണയം 298772രൂപയുടെ ആണ് .ഇത്തരം പൊരുത്തക്കേടുകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-3 കുടിവെള്ള പദ്ധതിയുടെ നിർവ്വഹണത്തിൽ അപാകതകൾ സംഭവിച്ചിട്ടുണ്ട്. ചെലവ് തുക തടസ്സപ്പെടുത്തുന്നു

താഴെപ്പറയുന്ന കുടിവെള്ള പദ്ധതിയുടെ നിർവ്വഹണത്തിൽ അപാകതകൾ കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം, പേര് | SO 006/17 -അലനല്ലൂർ ലക്ഷം വീട് എസ്.സി.കോളനി കുടിവെള്ള പദ്ധതി |
| അടങ്കൽ, ഫണ്ട് ഇനം | 150000രൂ. വികസനഫണ്ട് (എസ്.സി.പി) |
| എഗ്രിമെന്റ് നം, തീയ്യതി | 77/AEE/15-16, Dtd.4-3-16 |
| കൺവീനർ | പ്രസാദ് |
| പ്രവൃത്തി മൂല്യം | 134255 |
| എം.ബുക്ക് | 11/15-16 |
| ബിൽ നം.തീയ്യതി, തുക | 3/16-17/30-9-16, 134255രൂ. |

നിർവ്വഹണത്തിൽ സംഭവിച്ച് അപാകതകൾ ചുവടെ ചേർക്കുന്നു.

--എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം നിലവിലുണ്ടായിരുന്ന കുടിവെള്ള പദ്ധതിയിലെ മോട്ടോർ കേടായതിനാൽ പുതിയ മോട്ടോർ വെയ്ക്കുന്നതിനാണ് പ്രോജക്ട് രൂപീകരിച്ചിട്ടുള്ളത്. എന്നാൽ നിലവിലുണ്ടായിരുന്ന മോട്ടോർ മാറ്റിവെയ്ക്കണം എന്നത് സംബന്ധിച്ച അപേക്ഷ ഗുണഭോക്തൃസമിതിയിൽ നിന്ന് ലഭ്യമാക്കിയിട്ടില്ല.

- നിലവിലുണ്ടായിരുന്ന മോട്ടോർ എന്ത് ചെയ്തു എന്നത് വ്യക്തമല്ല.
- നിലവിലുണ്ടായിരുന്ന പദ്ധതിയിൽ വീണ്ടും വൈദ്യുത കണക്ഷൻ ചാർജ് നൽകിയത് എന്തിനെന്ന് വ്യക്തമല്ല.
- ജി.ഒ.(എം.എസ്) 4/2016 തസ്വഭവ, തീ. 11-1-2016ലെ ഖണ്ഡിക 7(12)ൽ 5 പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് ഗ്രാമപഞ്ചായത്തിന്റെ സമ്മതപ്രകാരം കുടിവെള്ള പദ്ധതികൾ ഏറ്റെടുക്കാം എന്ന് നിർദേശിക്കുന്നു. എന്നാൽ അറ്റകുറ്റ പണികൾ ഏറ്റെടുക്കാൻ പാടില്ല എന്ന് വ്യക്തമായി നിർദേശിച്ചിട്ടുണ്ട്.എന്നാൽ മേല്പറഞ്ഞ പ്രോജക്ടിൽ അറ്റകുറ്റ പണിയാണ് ചെയ്തിട്ടുള്ളത്.
- ഗുണഭോക്തൃസമിതിയുമായി തുടർപരിപാലനം സംബന്ധിച്ച എഗ്രിമെന്റ് വെച്ചിട്ടില്ല.
- പൈപ്പ് ലൈൻ വീണ്ടും നീട്ടുന്നതിന് മുമ്പ് Yield Test നടത്തിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 11/9-11-2017ൻ ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല.

മേല്പറഞ്ഞ കാരണങ്ങളാൽ ആകെ ചെലവ് തുക 134255രൂ. തടസ്സത്തിൽ വെയ്ക്കുന്നു.

## 3-4 ധനകാര്യ കണക്കുകളിൽ സംഭവിച്ചിട്ടുള്ള അപാകതകൾ സംബന്ധിച്ച്

2016-17 ലെ AFS ൽ ചേർത്തിട്ടുള്ള ധനകാര്യ കണക്കുകളും പഞ്ചായത്തിലുള്ള രജിസ്റ്ററുകൾ, ബാങ്ക്, ട്രഷറി പാസ്ബുക്കുകളും (Statements or Scrolls) തമ്മിൽ കാണുന്ന പ്രധാന പൊരുത്തക്കേടുകൾ ചുവടെ ചേർക്കുന്നു.

വാർഷിക ധനകാര്യ കണക്കുകളും രജിസ്റ്ററുകളും രേഖകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. കണക്കുകൾ റീകൺസിലിയേഷൻ നടത്തിയിട്ടില്ല.

- വാർഷിക ധനകാര്യ പത്രികയിലെ R&P Statement പ്രകാരം ഉള്ള വരവും ചെലവും അപ്രോപ്രിയേഷൻ കൺട്രോൾ റജിസ്ററർ പ്രകാരമുള്ള വരവും ചെലവുമായി പൊരുത്തപ്പെടുന്നില്ല. (വികസനഫണ്ട് (ജനറൽ), എസ്.സി.പി, ടി.എസ്.പി, മെയിന്റനൻസ് ഗ്രാന്റ് എന്നിവയുടെ )
- ട്രഷറി - ബാങ്ക് റീകൺസിലിയേഷൻ, ബാങ്ക്പാസ് ബുക്ക് -ക്യാഷ് ക്യാഷ് ബുക്ക് റീകൺസിലിയേഷൻ നടത്തിയിട്ടില്ല.
- മെയിന്റനൻസ് ഫണ്ട് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ (സാംഖ്യ സോഫ്റ്റ് വെയർ പ്രകാരമുള്ളത്) വികസനഫണ്ട് (ജനറൽ), വികസനഫണ്ട്(എസ്.സി.പി) എന്നിവയുടെ ചെലവുകളും രേഖപ്പെടുത്തിരിക്കുന്നു.ഇപ്രകാരം വിവിധ ഫണ്ടുകൾ കൂടിക്കലർന്ന് അപ്രോപ്രിയേഷൻ റജിസ്റ്ററിൽ വന്നതു കാരണം ഫണ്ടുകളുടെ വരവ് ചെലവ് കണക്കുകൾ വ്യക്തമാവുന്നില്ല.
- സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റ് വ്യക്തമാക്കുന്ന ഒരു രേഖകളും സൂക്ഷിച്ചിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം 8/7-11-2017ന് മറുപടി ലഭ്യമാക്കിയിട്ടല്ല. മേല്പറഞ്ഞ കാരണങ്ങളാൽ കണക്കുകളുടെ വ്യക്തത പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. കണക്കുകളിൽ സംഭവിച്ചിട്ടുള്ള അപാകതകൾ ശരിയാക്കി പരിശോധനയക്കായി പുന:സമർപ്പിക്കേണ്ടതാണ്.

## 3-5 ഒഴിവാക്കി

## 3-6 പെയിൻ & പാലിയേറ്റീവ് - മരുന്നു വാങ്ങൽ പദ്ധതി-മുഴുവൻ തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല

പ്രൊജക്ട് നം - 1/17

അടങ്കൽ - 1120000 (വികസന ഫണ്ട്)

ചെലവ് - 495993

1. ബിൽ നം-1/17 തിയ്യതി - 29/3/17, ₹495993

മേൽ ബിൽ പ്രകാരം 495993/-രൂപ പിൻവലിക്കുകയും കേരള മെഡിക്കൽ കോർപ്പറേഷൻ ലിമിറ്റഡ്

എന്ന സ്ഥാപനത്തിലേക്ക് 29/3/2017ന് കൈമാറിയിട്ടുണ്ട് (through neft a/c). എന്നാൽ സ്റ്റോക്ക് രജിസ്റ്റർ, ഇൻവോയിസ് പരിശോധനയിൽ 405292/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ശേഷിക്കുന്ന 90701/- രൂപയുടെ മരുന്നുകൾ നാളിതുവരെ ലഭിച്ചിട്ടില്ല. ലഭിച്ച മരുന്നുകളുടെ വിവരം താഴെപ്പറയും പട്ടിക കാണുക.

| ക്രമ നമ്പർ | ഇൻവോയിസ് നം/തിയതി | തുക |
|---|---|---|
| 1 | 2184-25/07/2017 | 57800 |
| 2 | 1869-18/7/2017 | 36246 |
| 3 | 1564-7/07/2017 | 191723 |
| 4 | 914-8/06/2017 | 65749 |
| 5 | 789-2/06/2017 | 53774 |
| | | ആകെ- 405292 |

ശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുന്നതിനായി മെഡിക്കൽ ഓഫീസർ കേരള മെഡിക്കൽ കോപ്പറേഷനിലേക്ക് നിരവധി തവണ കത്തയച്ചിട്ടും നാളിതു വരെ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. രോഗികൾക്ക് സമയബന്ധിതമായി സേവനങ്ങൾ ലഭ്യമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## **3-7** ഐഎവൈ ഭവന നിർമ്മാണ പദ്ധതികൾ- വിതരണവും,അക്കൗണ്ട്സും,രജിസ്റ്ററുകളുടെ സൂക്ഷിപ്പും സുതാര്യമാക്കേണ്ടതാണ്

ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലാക്കുന്ന ബൃഹത്തായ ഭവനനിർമാണ പദ്ധതിയാണ് ഐഎവൈ പദ്ധതി. ഈ പദ്ധതിക്കായി കേന്ദ്രഫണ്ടിന് പുറമെ ഗ്രാമ, ബ്ലോക്ക്, ജില്ല, സംസ്ഥാന വിഹിതങ്ങൾ ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നടപ്പിലാക്കിയതിലും രേഖകളുടെ സൂക്ഷിപ്പിലും താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

ഈ അഞ്ച് ഫണ്ടുകളും വിതരണം ചെയ്യുന്നുണ്ടെങ്കിലും വിതരണം നടത്തുന്നത് ക്രമ പ്രകാരമല്ലായെന്ന് ഹാജരാക്കിയ ഫയലുകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

2016-17 വർഷത്തിൽ നടപ്പിലാക്കിയ ഐഎവൈ പദ്ധതികൾ പ്രകാരം നിരവധി ഗുണഭോക്താക്കൾ വിവിധ ഗഡുക്കൾ കൈപ്പറ്റി ഭവന നിർമാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നുണ്ട്. ജനറൽ വിഭാഗത്തിലെ 53 ഗുണഭോക്താക്കളും എസ് സി വിഭാഗത്തിലെ 22 ഗുണഭോക്താക്കളും ഭവന നിർമാണം പൂർത്തീകരിക്കുവാൻ ബാക്കിയുണ്ട്. ഭവന നിർമാണത്തിന് ലഭിച്ച 80% തുകയും ചെലവഴിച്ചിട്ടുണ്ട്. ട്രഷറിയിൽ സമർപ്പിച്ച ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് തുക നൽകുന്നത് ഏതു ഗുണഭോക്താവാണോ ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ പൂർത്തിയാക്കി അപേക്ഷ നൽകുന്നത് ടിയാൾക്ക് ബാങ്ക് അക്കൗണ്ടിൽ നിന്നും തുക അനുവദിക്കുന്ന രീതിയാണ് അനുവർത്തിച്ചിട്ടുള്ളത്.

നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഗുണഭോക്താക്കൾക്ക് ഗഡു അനുവദിക്കുന്നതിനായി ട്രഷറിയിൽനിന്നും പദ്ധതിവിഹിതം ഗുണഭോക്തൃ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പിൻവലിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം പിൻവലിക്കുന്ന തുകകൾ നിർദ്ദിഷ്ട ഗുണഭോക്താക്കൾക്ക് വളരെ വൈകിയാണ്

എത്തുന്നത്. ഉദാ കാണുക

18/03/2017 ൽ ബിൽ നം-24/2017 പ്രകാരം 1184000/- പിൻവലിക്കുകയും പി എൻ ബി അക്കൗണ്ടിൽ നിക്ഷേപിക്കുകയും ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ 7/17,8/17,10/17 ലാണ് വന്നിട്ടുള്ളത്.

| ക്രമ നമ്പർ | പേര് | അക്കൗണ്ടിൽ വരവ് വന്ന തിയതി |
|---|---|---|
| 1 | സീനത്ത് | 18/07/2017 |
| 2 | നബീസ | 17/10/17 |
| 3 | രാജൻ | 31/7/1/ |
| 4 | തങ്കമാളു | 22/8/17 |

ബ്ലോക്ക് ഷെയർ, പഞ്ചായത്ത് ഷെയർ, ജില്ലാ പഞ്ചായത്ത് ഷെയർ എന്നീ വിഹിതങ്ങളുടെ മുന്നിരുപ്പ്, വരവ്,ചെലവ് ,നീക്കിയിരുപ്പ് എന്നിവ പ്രതേകം എഴുതി സൂക്ഷിച്ചിട്ടില്ല. കൃത്യമായ കണക്ക് കാഷ് ബുക്കിൽ നിന്നോ സെക്കഷണിൽ നിന്നോ ലഭിച്ചിട്ടില്ല.

നിർദ്ദേശം- എല്ലാ ഗുണഭോക്താക്കളുടെയും ഭവന നിർമാണം പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. വിവിധ മേഖലകളിൽ നിന്നും ലഭിച്ച വിഹിതങ്ങളുടെ കൃത്യമായ കണക്ക് സൂക്ഷിക്കേണ്ടതും ക്യാഷ് ബുക്കും രജിസ്റ്ററുകളും കാലികമാക്കേണ്ടതുമാണ്. വിവിധ ഫണ്ട് വിതരണം സുതാര്യമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-8 വ്യവസായം-ക്ഷീരവികസനം മേഖലകളിൽ നിർവഹണ ഉദ്യോഗസ്ഥർ മുഖേന പദ്ധതികളൊന്നും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല

വ്യവസായം- വ്യവസായ വികസന ഓഫീസർ

ക്ഷീരവികസനം - ഡയറി ഡവലപ്പ്മെന്റ് ഓഫീസർ

1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 172ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള നാലാം പട്ടിക പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽ ഉൾപ്പെട്ട വ്യവസായം, ക്ഷീര വികസനം എന്നീ മേഖലകളിൽ കൈമാറികിട്ടിയ നിർവഹണ ഉദ്യോഗസ്ഥർ നിലവിലുണ്ടായിട്ടും ബ്ലോക്ക് പഞ്ചായത്ത് പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. തൻ വർഷത്തിൽ പദ്ധതി പ്രവർത്തനങ്ങളിൽ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരുടേയും പങ്കാളിത്തം ഉണ്ടായിട്ടില്ല. തുടർ വർഷങ്ങളിൽ എല്ലാ മേഖലകളിലും പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

1. സാമൂഹ്യ സുരക്ഷ മിഷൻ വിഹിതം നൽകൽ-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

പ്രൊജ നം. -144/17

സാമൂഹ്യ സുരക്ഷ മിഷൻ- വിഹിതം നൽകൽ

അടങ്കൽ-1000000/-

ചെലവ്-1000000/-

ബിൽ നം. -34/2017 തിയതി-31/03/2017

സ ഉ (സാധാ) നം.-1209/2013 ത സ്വ ഭ വ,തിയതി 06/06/2013

സംസ്ഥാനത്തെ അവശതയനുഭവിക്കുന്ന വിവിധ ജനവിഭാഗങ്ങളുടെ ക്ഷേമത്തിനായി കേരള സാമൂഹ്യ സുരക്ഷ മിഷൻ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പ്രധാന പദ്ധതികളായ ആശ്വാസ കിരണം,ക്യാൻസർ സുരക്ഷ,താലോലം ,സ്നേഹപൂർവ്വം എന്നിവ നടപ്പാക്കുന്നതിനു വേണ്ടി സാമൂഹ്യ സുരക്ഷ മിഷന് 1000000/-രൂപ വിഹിതം നൽകിയിട്ടുണ്ട്. (spl TSB A/C-701011400000134) എന്നാൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

2. ഒ ഡി എഫ് പദ്ധതിക്കുവേണ്ടി ബ്ലോക്ക് വിഹിതം നൽകൽ

ശുചിത്വ മിഷൻ ജില്ലാ ഓഫീസിന്റെ 3.2.2016 ലെ 580/15 നം. ഉത്തരവിൽ തുറസായ സ്ഥലത്ത് മലമൂത്ര വിസർജ്ജനമില്ലാത്ത ഗ്രാമപഞ്ചായത്തായി പ്രഖ്യാപിക്കുന്നതിന് തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് കക്കൂസ് നിർമ്മാണത്തിനായി ബ്ലോക്ക് പഞ്ചായത്ത് വിഹിതം താഴെപ്പറയും പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

പ്രൊജക്റ്റ്നം-72/17

അടങ്കൽ-4500000

ബിൽ നം-22/2017,1978800/- തിയതി-18/03/2017

| ക്രമ നമ്പർ | പഞ്ചായത്ത് | തുക | അക്കൗണ്ട് നമ്പർ |
|---|---|---|---|
| 1. | കുമരംപുത്തൂർ | 323000 | 67383139494-SBT,KMPR |
| 2 | അലനെല്ലൂർ | 195500 | 67291241820SBT |
| 3 | കരിമ്പ | 246500 | KERALA GRAMMEEN BANK<br>40376101007329 |
| 4 | തച്ചൻമ്പാറ | 93500 | KERALA GRAMMEEN BANK<br>40376101007329 |
| 5 | കോട്ടോപ്പാടം | 402900 | SPLTSB A/C. NO-3 |
| 6 | കാഞ്ഞിരപ്പുഴ | 329800 | UBI, POTTASSERI |
| 7 | തേങ്കര | 234600 | SBT, MKD, 67390860315 |
| 8 | തച്ചനാട്ടുക്കര | 153000 | SBT, MKD, 67291345412 |
| ആകെ- 19,78,800/- | | | |

# 3-10 ഇ ടെണ്ടർ മുഖേന ലഭിച്ച് Single Tender കൾ നിയമാനുസൃത നടപടികൾ കൂടാതെ സ്വീകരിച്ചിരിക്കുന്നു

സ.ഉ.നം. 324/15/ധനം, തീയ്യതി 30-7-2015 പ്രകാരം പ്രവൃത്തിക്ക് ഒരു ടെണ്ടർ മാത്രമേ ലഭിച്ചിട്ടുള്ളൂ എങ്കിൽ ടെണ്ടർ സമർപ്പിക്കുന്നതിനുള്ള തീയ്യതി 15ദിവസം കൂടി നീട്ടി നൽകി മറ്റ് ടെണ്ടറുകൾ ലഭിക്കുമോ എന്ന് പരിശോധിക്കണം എന്നും മറ്റു ടെണ്ടറുകൾ കിട്ടിയില്ലെങ്കിൽ റീടെണ്ടർ ചെയ്യണമെന്നും നിഷ്കർഷിക്കുന്നു. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ ഇത്തരം നടപടികൾ കൂടാതെ Single Tender നേരിട്ട് സ്വീകരിച്ചിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | ലഭിച്ച് ടെണ്ടറുകളുടെ എണ്ണം | അടങ്കൽ തുക | കരാറുകാരന്റെ പേര് |
|---|---|---|---|
| വെള്ളപ്പാടം തരിശ്ശു റോഡ് | 1 | 500000 | പി.അഷറഫ് |
| പാവൂപ്പാടം വടക്കേത്തറ ലിങ്ക് റോഡ് | 1 | 500000 | എം.ടി.ബാലചന്ദ്രൻ |
| ഐശ്വര്യ നഗർ റോഡ് | 1 | 500000 | പി. മുഹമ്മദാലി |
| സൌത്ത് പള്ളിക്കുന്ന് ചീരക്കുഴി റോഡ് | 1 | 500000 | ജംഷീദ് .കെ |
| പള്ളിക്കുന്ന് റോഡ് | 1 | 500000 | പി.മുഹമ്മദാലി |
| ചീനിക്കപ്പാറ അപ്രോച്ച് റോഡ് | 1 | 500000 | ഷിജു ജോർജ് |
| ആല്യംകുന്ന് എസ്.സി.കോളനി റോഡ് | 1 | 500000 | എ.ഹംസ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 11/9-11-2017) ലഭ്യമാക്കിയ മറുപടിയിൽ ഇക്കാലയളവിൽ Single Tender സ്വീകരിക്കാൻ ഉത്തരവുണ്ടായിരുന്നു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഖണ്ഡികയിൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം Single Tender സ്വീകരിക്കാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

മത്സരാധിഷ്ഠിത ടെണ്ടർ ലഭിക്കാത്തതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകാൻ വളരെയധികം സാധ്യതയുണ്ട്.ആയതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവാതെ നിയമാനുസൃ നടപടികൾ സ്വീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# 3-11 കുടിവെള്ള പദ്ധതികളിൽ നിയമാനുസൃത നടപടികൾ സ്വീകരിച്ചിട്ടില്ല

താഴെപ്പറയുന്ന കുടിവെള്ള പദ്ധതിയിൽ ഗുണഭോക്തൃസമിതിയുമായി തുടർ പരിപാലനം സംബന്ധിച്ച എഗ്രിമെന്റ് വെച്ചിട്ടില്ല.

പ്രൊജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം, പേര് | SO 151/17 -കൊട്ടേക്കാട് കുടിവെള്ള പദ്ധതി പൂർത്തീകരണം |
| അടങ്കൽ, ഫണ്ട് ഇനം | 150000രൂ. വികസനഫണ്ട് (ജനറൽ) |

| | |
|---|---|
| എഗ്രിമെന്റ് നം, തീയ്യതി | 71/AEE/16-17, Dtd.16-3-17 |
| കൺവീനർ | ശ്രീ. മുഹമ്മദ് സിദ്ധിഖ് |
| പ്രവൃത്തി മൂല്യം | 150000 |
| എം.ബുക്ക് | 51/16-17 |
| ബിൽ നം.തീയ്യതി, തുക | 56/16-17/30-3-17, 150000രൂ. |

കൂടാതെ ടി പ്രൊജക്ടിൽ പൈപ്പ് ലൈൻ വീണ്ടും നീട്ടുന്നതിന് മുമ്പ് Yield Test നടത്തിയിട്ടില്ല.

ജി.ഒ. (എം.എസ്) 4/2016 തസ്വഭവ, തീ. 11-1-2016ലെ ഖണ്ഡിക 7(12)ൽ 5 പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് ഗ്രാമപഞ്ചായത്തിന്റെ സമ്മത പ്രകാരം കുടിവെള്ള പദ്ധതികൾ ഏറ്റെടുക്കാം എന്ന് നിർദേശിക്കുന്നു. എന്നാൽ ഇപ്രകാരമുള്ള നടപടിക്രമങ്ങൾ ടി പ്രോജക്ടിൽ സ്വീകരിച്ചിട്ടില്ല.

കെട്ടിടങ്ങൾ, കുടിവെള്ള പദ്ധതികൾ എന്നിവ ആവശ്യമായ എല്ലാ ഇനങ്ങളും ഉൾപ്പെടുത്തി സമഗ്രമായി ചെയ്യണമെന്നും ഫണ്ടിന്റെ കുറവ് ഉണ്ടെങ്കിൽ എസ്റ്റിമേറ്റ് എല്ലാ ഇനങ്ങളും ഉൾപ്പെടുത്തി തയ്യാറാക്കി ബഹുവർഷ പ്രോജക്ടായി ചെയ്യണമെന്നും ജി.ഒ (എം.എസ്) 4/2016 തസ്വഭവ, തീ. 11-1-2016 പ്രകാരമുള്ള മാർഗരേഖ പ്രകാരം നിർദേശിക്കുന്നു. എന്നാൽ ഇതിൽ നിന്നും വ്യത്യസ്തമായാണ് പ്രവൃത്തി നിർവ്വഹണം നടത്തിയിട്ടുള്ളത്.

പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ പദ്ധതി മാർഗരേഖ പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്നതിന് ശ്രദ്ധ പുലർത്തേണ്ടതാണ്.

## 3-12 ഐ എ വൈ പദ്ധതി- ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്

| | | |
|---|---|---|
| പ്രൊജക്റ്റ് നം-173/17 | പ്രൊജക്റ്റ് നം-21/17 | പ്രൊജക്റ്റ്നം-118/17 |
| അടങ്കൽ-1000000 | അടങ്കൽ-2016000 | അടങ്കൽ-1184000 |
| ചെലവ്-1000000 | ചെലവ്-2016000 | ചെലവ്-1184000 |
| ബിൽനം-34/17, 31/03/2017 | ബിൽനം-14/17, 31/12/2016 | ബിൽനം 24/17, 18/03/2017 |

ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കുന്ന വിവിധ ഭവന പദ്ധതികളിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം | ഗുണഭോക്താക്കളുടെ പേര് (ജനറൽ) | കൈപ്പറ്റിയ തുക | കൈപ്പറ്റുവാൻ ബാക്കിയുള്ള തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | സുന്ദരി,കാഞ്ഞിരപ്പുഴ | 80000 | 120000 |
| 2 | നബീസ, കാഞ്ഞിരപ്പുഴ | 80000 | 120000 |
| 3 | സീനത്ത്,കാഞ്ഞിരപ്പുഴ | 128000 | 72000 |
| 4 | സാജിത,കാഞ്ഞിരപ്പുഴ | 176000 | 24000 |
| 5 | സുമി കെ,കാഞ്ഞിരപ്പുഴ | 80000 | 120000 |
| 6 | ആയിഷ ,കാഞ്ഞിരപ്പുഴ | 176000 | 24000 |
| 7 | രാജൻ,കാഞ്ഞിരപ്പുഴ | 80000 | 120000 |
| 8 | ബീക്കുട്ടി,കാഞ്ഞിരപ്പുഴ | 48000 | 152000 |
| 9 | കാളി,കാഞ്ഞിരപ്പുഴ | 176000 | 24000 |
| 10 | ദിൽഷാന,കാഞ്ഞിരപ്പുഴ | 128000 | 72000 |
| 11 | തങ്കമാളു,കാഞ്ഞിരപ്പുഴ | 128000 | 72000 |
| 12 | ഹസനത്ത് ,അലനെല്ലൂർ | 148000 | 52000 |
| 13 | ലൈല,അലനെല്ലൂർ | 176000 | 24000 |
| 14 | വിജയകുമാരി,അലനെല്ലൂർ | 80000 | 120000 |
| 15 | സൈനബ,അലനെല്ലൂർ | 176000 | 24000 |
| 16 | നിഷിത,അലനെല്ലൂർ | 176000 | 24000 |
| 17 | ആയിഷ,കോട്ടോപ്പാടം | 152000 | 48000 |
| 18 | സരോജിനി,കോട്ടോപ്പാടം | 176000 | 24000 |
| 19 | സുബൈദ,കോട്ടോപ്പാടം | 176000 | 24000 |
| 20 | ആയിഷാബി,കോട്ടോപ്പാടം | 128000 | 72000 |
| 21 | സാറ,കോട്ടോപ്പാടം | 80000 | 120000 |

| | | | |
|---|---|---|---|
| 22 | സീനത്ത്,കോട്ടോപ്പാടം | 122000 | 78000 |
| 23 | ബിന്ദു,കുമരംപുത്തൂർ | 128000 | 72000 |
| 24 | കുഞ്ഞിമാളു,കുമരംപുത്തൂർ | 176000 | 24000 |
| 25 | അഫ്സത്ത്,കുമരംപുത്തൂർ | 128000 | 72000 |
| 26 | കദീജ,കുമരംപുത്തൂർ | 176000 | 24000 |
| 27 | ഷബാന,കുമരംപുത്തൂർ | 176000 | 24000 |
| 28 | മുബഷിറ,കുമരംപുത്തൂർ | 176000 | 24000 |
| 29 | സാബിറ,കുമരംപുത്തൂർ | 176000 | 24000 |
| 30 | കദീജ, കുമരംപുത്തൂർ | 176000 | 24000 |
| 31 | സാറമ്മ,കുമരംപുത്തൂർ | 100000 | 100000 |
| 32 | ബുഷറ,കുമരംപുത്തൂർ | 80000 | 120000 |
| 34 | റുക്കിയ,കുമരംപുത്തൂർ | 176000 | 24000 |
| 35 | ഹാജിറ,കുമരംപുത്തൂർ | 80000 | 120000 |
| 36 | മറിയ,കുമരംപുത്തൂർ | 80000 | 120000 |
| 37 | കദിജ,കുമരംപുത്തൂർ | 176000 | 24000 |
| 38 | ബീക്കുട്ടി,കുമരംപുത്തൂർ | 80000 | 120000 |
| 39 | കദീജ,കുമരംപുത്തൂർ | 80000 | 120000 |
| 40 | ഷമീറ,കുമരംപുത്തൂർ | 176000 | 24000 |
| 41 | സൈനബ,കുമരംപുത്തൂർ | 48000 | 152000 |
| 42 | മറിയ,തച്ചമ്പാറ | 176000 | 24000 |

| | | | |
|---|---|---|---|
| 43 | പാർവ്വതി,തച്ചമ്പാറ | 148000 | 52000 |
| 44 | ജോയി,തച്ചമ്പാറ | 128000 | 72000 |
| 45 | ഷാജി,തച്ചനാട്ടുക്കര | 176000 | 24000 |
| 46 | കദീജ,തച്ചനാട്ടുക്കര | 148000 | 52000 |
| 47 | ഷാഹിന,തച്ചനാട്ടുക്കര | 176000 | 24000 |
| 48 | ബീവുമ്മ,തച്ചനാട്ടുക്കര | 48000 | 152000 |
| 49 | ഉണ്ണികൃഷ്ണൻ,തച്ചനാട്ടുക്കര | 148000 | 52000 |
| 50 | ലതിക,തേങ്കര | 176000 | 24000 |
| 51 | സൈനബ,തേങ്കര | 176000 | 24000 |
| 52 | റജീന,തേങ്കര | 80000 | 120000 |
| 53 | കമറുനീസ,തേങ്കര | 176000 | 24000 |
| 54 | സരിത,തേങ്കര | 176000 | 24000 |
| എസ് സി പി | | | |
| 55 | അമ്മിണി,അലനെല്ലൂർ | 80000 | 120000 |
| 56 | ഹരിദാസൻ, അലനെല്ലൂർ | 80000 | 120000 |
| 57 | നീലി,അലനെല്ലൂർ | 80000 | 120000 |
| 58 | വിലാസിനി,അലനെല്ലൂർ | 80000 | 120000 |
| 59 | ഓമന,കാഞ്ഞിരപ്പുഴ | 100000 | 100000 |
| 60 | അമ്മാളു ,കാഞ്ഞിരപ്പുഴ | 48000 | 152000 |
| 61 | ലക്ഷ്മി ,കാഞ്ഞിരപ്പുഴ | 176000 | 24000 |
| 62 | സരോജിനി ,കുമരംപുത്തൂർ | 100000 | 100000 |

| | | | |
|---|---|---|---|
| 63 | സരോജിനി , കുമരംപുത്തൂർ | 48000 | 152000 |
| 64 | കുഞ്ഞി, കുമരംപുത്തൂർ | 176000 | 24000 |
| 65 | സരോജിനി, കുമരംപുത്തൂർ | 80000 | 120000 |
| 66 | നീലി, കുമരംപുത്തൂർ | 176000 | 24000 |
| 67 | തങ്ക, കുമരംപുത്തൂർ | 176000 | 24000 |
| 68 | വേശ,കുമരംപുത്തൂർ | 152000 | 48000 |
| 69 | യശോദ,കുമരംപുത്തൂർ | 152000 | 48000 |
| 70 | ജയശ്രീ,കുമരംപുത്തൂർ | 80000 | 120000 |
| 71 | ഷീജ,കുമരംപുത്തൂർ | 100000 | 100000 |
| 72 | ശ്രീജ,കുമരംപുത്തൂർ | 80000 | 120000 |
| 73 | ബീന,കുമരംപുത്തൂർ | 80000 | 120000 |
| 74 | സുമിത്ര,കുമരംപുത്തൂർ | 100000 | 100000 |
| 75 | പത്മിനി,തച്ചമ്പാറ | 176000 | 24000 |
| 76 | കുഞ്ഞിലക്ഷ്മി,തച്ചമ്പാറ | 152000 | 48000 |

മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-13 ഉപയോഗത്തിൽ ഇല്ലാത്ത ബാങ്ക് അക്കൗണ്ടുകൾ നിർത്തലാക്കേണ്ടതാണ്

മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ 18 ബാങ്ക് അക്കൗണ്ടുകൾ നിലവിലുണ്ടെങ്കിലും 3 ബാങ്ക് അക്കൗണ്ടുകൾ വിനിമയത്തിന് ഉപയോഗിക്കാത്തതായി കാണുന്നു. അവ താഴെ പറയുന്നു.

| ക്രമ നം | അക്കൗണ്ട് നം. | ബാങ്ക് | നിലവിലെ നീക്കിയിരിപ്പ് | അവസാന ഇടപാട് നടന്ന തീയതി | അക്കൗണ്ടുകളുടെ ഉദ്ദേശ്യം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 0847101026473 | കേനറ ബാങ്ക്, മണ്ണാർക്കാട് | 1067536 | 18/08/2010 | Miscellaneous |
| 2 | 4803000100021920 | പഞ്ചാബ് നാഷണൽ ബാങ്ക് | 1831 | 3/3/2014 | ARWSS |
| 3 | 202601010010785 | വിജയാ ബാങ്ക് മണ്ണാർക്കാട് | -Nil- | 10/9/14 | - |

നിർത്തലാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ബാങ്ക് അക്കൗണ്ടുകളും നിലവിൽ ഉപയോഗിക്കാത്ത ബാങ്ക് അക്കൗണ്ടുകളും നിർത്തലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-14 പൊറ്റശ്ശേരി പ്രീമെട്രിക്ക് ഹോസ്റ്റൽ കെട്ടിടത്തിന്റെ വൈദ്യുതി അറ്റകുറ്റപണി നാളിതുവരെ തുടങ്ങിയിട്ടില്ല.

പ്രൊജക്റ്റ് നം., പേര് - s-62/2017, പ്രീ മെട്രിക് ഹോസ്റ്റലിന്റെ അറ്റകുറ്റപ്പണികൾ

അടങ്കൽ-150000

ചെലവ്-150000

നിർവ്വഹണോദ്യോഗസ്ഥൻ- എസ് സി ഡി ഒ

ബിൽ നം-2/17,23-2-2017, തുക-150000 പിൻവലിക്കുകയും പി ഡബ്ല്യൂ ഡി ഇലക്ട്രിക്കൽ ഡിവിഷൻ, തൃശ്ശൂർ (8443-00-108 pw deposit) കൈമാറുകയും ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെ പ്രീമെട്രിക്ക് ഹോസ്റ്റൽ കെട്ടിടത്തിന്റെ വൈദ്യുതി അറ്റകുറ്റപണി നടന്നിട്ടില്ല. ടി സ്ഥാപനം നിർവ്വഹണോദ്യോഗസ്ഥനുമായി വെച്ച എഗ്രിമെന്റ് പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ചുള്ള തുടർ നടപടികൾ യഥാസമയം അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| തെങ്കര ഗ്രാ.പ | 300000 | 300000 | മെഴകുംപാറ പൊട്ടിത്തോട് നിലംപതി നിർമാണം | 300000 | - |

## 4-2 ഡെപ്പോസിറ്റ് വർക്കിന് തുക നൽകിയത് സംബന്ധിച്ച് വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | |
|---|---|---|---|
| | | മുതൽ | പലിശ |
| ഇ.എം.എസ്. ഭവനവായ്പ (Palakkad Dist. Co.op Bank) | 23106500 | 1000000 | - |
| ഐ.എ.വൈ ഭവന വായ്പ (Mannarkkad Rural Co-op. Bank) | - | 344105 | 155895 |

ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ലോൺ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ലഭ്യമല്ല.

## 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6. ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 176184572 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 189349035 |
| വരവിനങ്ങളിലുള്ള നഷ്ടം | 2805രൂ. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3915രൂ. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 134255രൂ. |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 2805 | സി.അനില കുമാരൻ, അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 134255 | സി.അനില കുമാരൻ<br>അസി. എക്സിക്യൂട്ടീവ് എഞ്ചിനിയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സി.അനില കുമാരൻ,<br>അസി. എക്സിക്യൂട്ടീവ് എഞ്ചിനിയർ | അസി. എക്സിക്യൂട്ടീവ് എഞ്ചിനിയർ,<br>എൽ.എസ്.ജി.ഡി, മണ്ണാർക്കാട് ബ്ലോക്ക്പഞ്ചായത്ത് | ചാർക്കുളം വീട്<br>കാറൽമണ്ണ(പി.ഒ)<br>ചെർപ്പുളശ്ശേരി |

# 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1998-99 | എൽ.എഫ്.പി.8/998/02/ 02.03.03 | ഫർദർ റിമാർക്സ് പുറപ്പെടുവിച്ചു. |
| 1999-00 | എൽ.എഫ്.പി.8/1090/03/ 15.11.03 | " " |
| 2000-01 | എൽ.എഫ്.പി.8/530/05/ 05.04.06 | " " |

| | | |
|---|---|---|
| 2001-02 | എൽ.എഫ്.പി.8/530/05/ 06.11.07 | " " |
| 2002-03 | എൽ.എഫ്.പി.8/1349/07/ 06.11.07 | " " |
| 2003-04 | എൽ.എഫ്.പി.8/1350/07/ 06.11.07 | " " |
| 2004-05 | എൽ.എഫ്.പി.8/1351/07/ 06.11.07 | " " |
| 2005-06 | എൽ.എഫ്.പി.8/1352/07/ 06.11.07 | " " |
| 2006-07 | എൽ.എഫ്.പി.8/1353/07/ 06.11.07 | " " |
| 2007-08 | എൽ.എഫ്.പി.8/1354/07/ 06.11.07 | " " |
| 2008-09 | എൽ.എഫ്.പി.8/1340/11/ 16.12.11 | " " |
| 2009-10 | എൽ.എഫ്.പി.8/1340/11/ 16.12.11 | " " |
| 2010-11 | എൽ.എഫ്.പി.8/1523/14/ 03.06.15 | " " |
| 2011-12 | എൽ.എഫ്.പി.8/1523/14/ 03.06.15 | " " |
| 2012-13<br>2013-14 | കെ.എസ്.എ.പി.കെ.ഡി.8/1103/15/04.12.15 | " |
| 2014-15 | .കെ.എസ്.എ.പി.കെ.ഡി.8-382/16 / 2.4.16 | ഫർദർ റിപ്പോർട്ട് |
| 2015-16 | കെ.എസ്.എ.പി.കെ.ഡി.8-459/17 / 20.5.17 | ഫർദർ റിപ്പോർട്ട് |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്